ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

325 (1033) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാൻറ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മേളയുടെ ചെലവുകൾക്ക് പ്രധാനമായുള്ള ധനസ്രോതസ്സ് എവിടെ നിന്നാണ് ;

(സി) ഏതെല്ലാം മേഖലകളിലാണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ കേരളത്തിന്റെ വിനോദസഞ്ചാരത്തിന്റെ വളർച്ചയെ സഹായിച്ചിട്ടുള്ളത് ;

(ഡി) മേളയുടെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കുന്നതിന് എന്തെല്ലാം വിശദ പഠനം നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഫണ്ട്, സ്പോൺസർഷിപ്പ്, കടകളുടെ രജിസ്ട്രേഷൻ ഫീസ്, സമ്മാനക്കൂപ്പണുകളുടെ വില്പന എന്നിവയിലൂടെ ലഭിക്കുന്ന തുകയാണ് മേളയുടെ ചെലവുകൾക്കുള്ള പ്രധാന ധനസ്രോതസ്സ്.

(സി) വിനോദസഞ്ചാര മേഖല ഉൾപ്പെടെ കേരളത്തിൽ എല്ലായിടത്തും ഉള്ള ഷോപ്പുകളും ജി.കെ.എസ്.എഫ്.-ൽ പങ്കാളികളായി ഫെസ്റ്റിവൽ സജീവമാക്കുന്നതിനാലും കേരളത്തിൽ വിനോദസഞ്ചാരികൾ കൂടുതലായി എത്തുന്ന സമയത്താണ് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത് എന്നതിനാലും വിനോദസഞ്ചാരത്തിന്റെ വളർച്ചയ്ക്ക് ഷോപ്പിംഗ് ഫെസ്റ്റിവൽ ഗുണകരമാണ്.

(ഡി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന സ്ഥാപനം പഠനം നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് അനുസരിച്ച് മേളയുടെ പ്രവർത്തനം പുനഃക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly